(ബി) പ്രസ്തുത കോർപ്പറേഷനിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷന്റെ ഇടപാടുകളിൽ ഉന്നതരടക്കം കോഴ കൈപ്പറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ ഏറ്റെടുത്തിരുന്ന നിർമ്മാണപ്രവൃത്തികൾ നടത്താൻ സംവിധാനമോ തൊഴിലാളികളോ ഉണ്ടോ; ഇവ ഇല്ലെങ്കിൽ ഇവയെല്ലാം ഉള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത് എന്തു കൊണ്ടാണ്?

ഉത്തരം

(എ) കേരള കൺസ്യൂക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) ആക്ഷേപമുണ്ടായ അവസരങ്ങളിൽ പരിശോധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷന് സ്വന്തമായി നിർമ്മാണ സാമഗ്രികൾ ഇപ്പോൾ ഇല്ല. കൺസ്യൂക്ഷൻ കോർപ്പറേഷന്റെ എം പാനൽ കരാറുകാരുടെ കൈവശമുള്ള യന്ത്ര സാമഗ്രികൾ ആണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നിർമ്മാണ തൊഴിലാളികളെ കരാറുകാരാണ് ഏർപ്പാട് ചെയ്യുന്നത്. 27-2-1975-ലെ ജി.ഒ (എംഎസ്.) നമ്പർ 39/75/പൊ.മ.വ. അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. 28-9-1988-ലെ ജി.ഒ. (എംഎസ്.) നമ്പർ 52/88/പി.ഡബ്ല്യു.&റ്റി, 12-2-1992-ലെ ജി.ഒ.(എം.എസ്) നമ്പർ 16/92/പി. ഡബ്ല്യു. & റ്റി, 7-8-1997-ലെ ജി.ഒ. (എം.എസ്) നമ്പർ 81/97/പി.ഡബ്ല്യു. & റ്റി, 18-8-1998-ലെ ജി.ഒ. (പി) നമ്പർ 75/98/പി.ഡബ്ല്യു.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത്.

താനൂർ മിനി സിവിൽ സ്റ്റേഷൻ

226 (4858) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നു തുടങ്ങാനാകുമെന്നും, പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 5-9-2013 ലെ സ.ഉ. (സാധാ) നമ്പർ 1185/2011/പൊ.മ.വ. ഉത്തരവ് പ്രകാരം താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 343.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2-12-2013-ൽ പ്രസ്തുത പ്രവൃത്തിക്ക് 343.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 11-3-2014-ൽ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 25-9-2014-ലെ സ.ഉ. (സാധാ) നമ്പർ 1344/2014/പൊ.മ.വ. ഉത്തരവ് പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ ഈ കെട്ടിടം പൊളിച്ചു മാറ്റാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പൊളിച്ചു നീക്കുന്ന മുറയ്ക്ക്, കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി, കരാർ വച്ചശേഷം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് പരിഗണന

227 (4859) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ